**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 861** **10-08-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കണമെങ്കിൽ പ്രസ്തുത കോളനികളിൽ കുറഞ്ഞത് 25 കുടുംബങ്ങൾ വേണമെന്നുള്ള നിബന്ധന കാരണം 25-ൽ താഴെ കുടുംബങ്ങൾ ഉള്ളതും പിന്നാക്കം നിൽക്കുന്നതുമായ കോളനികളിലെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഓരോ നിയോജക മണ്ഡലത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും, മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും, വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പദ്ധതിയുടെ ഗുണഫലം കൂടുതൽ സങ്കേതങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 06.05.2023 ലെ സ.ഉ.(കൈ)നം.10/2023/പജപവവിവ പ്രകാരം കുടുംബങ്ങളുടെ എണ്ണം 25 ആയി കുറച്ചിട്ടുണ്ട്. കുടുംബങ്ങളുടെ എണ്ണം 25-ൽ താഴെ ആയി കുറയ്ക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനും കോളനികളുടെ സമഗ്ര പുരോഗതിയ്ക്കുമായി മാർഗ്ഗ രേഖയിൽ ആവശ്യമായ ഇളവുകൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | മറുപടി ( എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ